പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 3535

14.10.2011-ൽ മറുപടിയ്ക്ക്

## അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എ. കെ. ബാലൻ<br>ഡോ. ടി.എം. തോമസ് ഐസക്<br>ശ്രീ. കെ. വി. അബ്ദുൾ ഖാദർ<br>ശ്രീമതി പി. അയിഷാ പോറ്റി | | ശ്രീ.പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും<br>നഗരകാര്യവും വകുപ്പ് മന്ത്രി) |
| എ. കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി നടപ്പാക്കി വരുന്നുണ്ടോ ; വിശദമാക്കാമോ ; | എ. | അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തോടെ സമർപ്പിക്കുന്ന ലേബർ ബഡ്ജറ്റും വാർഷിക കർമ്മ പദ്ധതിയും സംസ്ഥാന തലത്തിൽ അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് മുൻസിപ്പാലിറ്റി/ കോർപ്പറേഷനുകൾക്ക് പ്രവൃത്തി ഏറ്റെടുക്കുവാൻ കഴിയും. ഇതുവരെ 29 മുൻസിപ്പാലിറ്റി/ കോർപ്പറേഷൻ സ്ഥാപനങ്ങൾ ലേബർ ബഡ്ജറ്റ് സമർപ്പിച്ചിട്ടുണ്ട്. അവയ്ക്ക് അംഗീകാരം നൽകുന്ന നടപടികൾ സ്വീകരിച്ചു വരുന്നു. |
| ബി. നഗരങ്ങളിലെ ദരിദ്ര കുടുംബങ്ങൾക്ക് സഹായകരമായ പദ്ധതി നഗരവികസന രംഗത്തും അനിവാര്യമാണെന്ന കാര്യം സർക്കാർ പരിഗണിച്ചിട്ടുണ്ടോ ; | ബി. | പരിഗണിക്കുന്നുണ്ട്. |
| സി. ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് പുറമേ അയ്യങ്കാളി പദ്ധതിയിൽ എന്തെല്ലാം പ്രവൃത്തികളായിരുന്നു മുൻസർക്കാർ ഉൾപ്പെടുത്തിയിട്ടുണ്ടായിരുന്നത് ? | & സി. | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ അനുവദനീയമായ പ്രവൃത്തികൾക്കു പുറമേ താഴെപറയുന്ന പ്രവർത്തനങ്ങളുംഏറ്റെടുക്കാവുന്നതാണ്.<br>1.ബി.എസ്.യു.പി./ഐ.എച്ച്.എസ്.ഡി.പി./ കെ.എസ്.യു.ഡി.പി. പദ്ധതികളുടെ ഭാഗമായി ഏറ്റെടുക്കുന്ന ചേരി/ക്ലസ്റ്റർ വികസന പദ്ധതികളുടെ അനുപൂരക പ്രവർത്തനങ്ങളും ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതിയുടെ ഭാഗമായി നിർമ്മിക്കുന്ന ഭവനങ്ങളുടെ വാനം വെട്ടുന്നതിനും അടിസ്ഥാനം നിർമ്മിക്കുന്നതിനുമുള്ള പ്രവൃത്തികളും.<br>2. കോളനി നവീകരണ പ്രവൃത്തികൾ.<br>3. പൊതുസ്ഥലങ്ങളിൽ കുന്നുകൂടുന്ന ചപ്പുചവറുകളും മാലിന്യങ്ങളും നീക്കം ചെയ്യുന്ന പ്രവൃത്തികൾ. |

സെക്ഷൻ ഓഫീസർ.